ആകെ : 11 താൾ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം
2025 ജനുവരി 4 മുതൽ 8 വരെ
തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 302

വിഷയം :
മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ

## മാതൃഭാഷയുടെ വികാസം :
## മൂല്യബോധമുള്ള സമൂഹം.

ഭാഷാ വികാസത്തിന്റെ പുതുമാനങ്ങൾ

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ,
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ"

മഹാകവി വള്ളത്തോൾ നാരായണമേനോൻ പാടിയതു പോലെ, പിറന്നു വീഴുന്ന കുഞ്ഞിന് അമ്മിഞ്ഞപ്പാലിനോടൊപ്പം ലഭിയ്ക്കുന്ന മാധുര്യമാണ് അവന്റെ മാതൃഭാഷ. അത് അവന്റെ ആത്മാഭിമാനത്തിന്റെ അടയാളമാണ്.

അമ്മയുടെ പിറവി.

ദേവഭാഷ സംസ്കൃതത്തിന്റെയും പഴയ തമിഴിന്റെയും ചാരുത ചേർന്നതാണ് മലയാളഭാഷ. മറ്റു ദ്രാവിഡ ഭാഷകളിൽ നിന്ന് മലയാളത്തെ വ്യത്യസ്തമാക്കുന്നതും ഇതു തന്നെ. മണിപ്രവാളത്തിലൂടെയും ഭക്തി പ്രസ്ഥാനത്തിലൂടെയുമൊക്കെ ഭാഷ തന്റെ

വികാസത്തിനൊപ്പം ഒരു സമൂഹത്തെ കൂടി മുന്നോട്ട് നയിച്ചു. എഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരുമൊക്കെ ഭാഷയെ വളർത്തിയെടുത്തത് അതേ ആ നവോത്ഥാനം മനസ്സിൽ കണ്ടുകൊണ്ടാണ്. അത്തരത്തിൽ ഭാഷയ്ക്ക് ഒരു സമൂഹത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ സ്വാധീനിക്കാനാകും എന്നതാണ് മാതൃഭാഷ-യുടെ വികാസത്തെ പ്രസക്തമാക്കുന്നത്.

**നാളേയ്ക്കായി നവീകരിക്കാം.**

ഭാഷയുടെ വളർച്ചയും തിളക്കവും വർധിക്കുന്നത് നിരന്തരമായ ഉപയോഗത്തിലൂടെയാണ്. വേഗതയുടെ യന്ത്രവത്കൃത ലോകത്ത് മാതൃഭാഷയുടെ വികാസത്തിന് നിരന്തര നവീകരണം അത്യന്താപേക്ഷിതമാണ്. പുതിയ കാലത്തിന്റെ പദങ്ങൾ അതിനു അന്യമാവില്ല, അവ ആഗോളതലത്തിൽ അറിയാൻ കൊതിയ്ക്കുന്നു.

## മാതൃഭാഷ, ~~[illegible]~~ ആത്മാഭിമാനം

എന്തുകൊണ്ടാണ് മലയാളത്തെ മറന്ന് ഒരു സമൂഹം ആംഗലേയ ഭാഷയ്ക്ക് അല്ലെങ്കിൽ ഒരു വൈദേശിക ഭാഷക്ക് പിന്നാലെ പോകുന്നത്. പണ്ട് വെള്ളക്കാർ വിതച്ചിട്ടു പോയ അപകർഷതയുടെ വിത്തുകൾ ഇന്നും വേരോടെ പിഴുതെറിയാൻ നമുക്കായിട്ടില്ല. വൈവിധ്യങ്ങളുടെ സാംസ്കാരിക സമ്പന്നത ഭാരതത്തിനുണ്ട്. നാനാത്വത്തിലെ ഏകത്വമാണ് രാജ്യത്തിന്റെ ശക്തി. അഭിമാനത്തോടെ ഓരോ പൗരനും തന്റെ മാതൃഭാഷ സംസാരിക്കുമ്പോഴാണ് ആ സംസ്കാരം അവരിലേക്ക് എത്തുക.

## വീടാകട്ടെ വിദ്യാലയം

എന്നാലിന്ന് ~~പാശ്ചാത്യ വേഷത്തിനൊപ്പം~~ പായ്ക്കറ്റ് ഭക്ഷണത്തിനൊപ്പം കുഞ്ഞുങ്ങളിലേക്ക് എത്തുന്നത് സായിപ്പിന്റെ ഭാഷയാണ് ധരിക്കുന്നത് സായിപ്പിന്റെ വേഷവും.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 302

5/1/2025

"മമ്മീ, ഡാഡീ.... റണ്ണിക്കോ, റണ്ണിക്കോ... ഓല മടലീസ് കിംഗ് എന്നു പറയാനാണ് കുട്ടിയ്ക്കിഷ്ടം. കേൾക്കാൻ അച്ഛനും അമ്മയ്ക്കും അല്ല, പപ്പയ്ക്കും മമ്മിയ്ക്കും. "മാതാ, പിതാ, ഗുരു, ദൈവം" എന്നു വിശ്വസിക്കുന്ന ഒരു സംസ്കാരത്തിൽ മാതൃഭാഷയുടെ വികാസത്തിന് തുടക്കമിടേണ്ടത് നമ്മുടെ വീടുകളിൽ നിന്നാണ്. അധ്യാപകരാകേണ്ടത് മാതാപിതാക്കളും.

യുവതയിലേക്ക്, നാളെയിലേക്ക്.

രാജ്യത്തിന്റെ ഭാവി അവിടുത്തെ യുവതകളാണ്. അതുകൊണ്ടുതന്നെ മലയാളത്തിന്റെ, മാതൃഭാഷയുടെ വികാസത്തിന് യുവാക്കളുടെ ഭാഷ വൈദഗ്ധ്യം, മലയാളത്തോടുള്ള മമത ഇവ കുരുന്നിലേ വളർത്തണം. മലയാളം സ്ഫുടമായി സംസാരിക്കാനും വ്യക്തമായി എഴുതാനും ഓരോ മലയാളിക്കും ഇന്നു കഴിയുന്നുവോ

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

എന്നുറപ്പാക്കണം.

## അക്ഷരക്കളരികൾ

നമ്മുടെ വിദ്യാലയങ്ങളിലെ ഒന്നാം തരം പാഠഭാഗങ്ങളിൽ മലയാള അക്ഷരമാല ഉറപ്പാക്കിയത് ശക്തമായ ചുവടുവയ്പ്പാണ്. കുട്ടികളെ ഭാഷയിൽ വഴിതെളിക്കാൻ "മലയാളത്തിളക്കം" പദ്ധതി ഒപ്പമുണ്ട്. വർഷാവർഷം നടക്കുന്ന "വാങ്മയം" പരീക്ഷ ഒന്നു മുതൽ പന്ത്രണ്ടാം തരം വരെയുള്ള പൊതു വിദ്യാലയങ്ങളിലെ കുട്ടികൾ മലയാള ഭാഷയിൽ മാറ്റുരയ്ക്കാൻ കുതിക്കുന്ന. ഉപയോഗിക്കുന്നു.

## മറക്കാം മംഗ്ലീഷിനെ

എന്തുകൊണ്ട് മലയാളികളെ മലയാളം പഠിപ്പിക്കാൻ പ്രയാസപ്പെടുന്നു എന്ന് നാം ചിന്തിക്കണം. മുൻപന്തിയിൽ തന്നെ കാണാം മംഗ്ലീഷ് എന്ന വൈകൃതത്തെ. മാതൃഭാഷയായ മലയാളത്തിലോ, ആംഗലേയത്തിലോ അല്ല ഇന്ന് ഒരു ജനാവലി

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

സംവദിക്കുന്നത്, മംഗ്ലീഷ് എന്ന അശുദ്ധ-
മായ ഭാഷയിലാണ്. പണ്ട് കത്തുകൾ ഒരു
സർഗ്ഗസൃഷ്ടിയായിരുന്നു. അത് ~~കഥാര~~ 'ഞാൻ
കഥാകാരനായ കഥയിൽ' എസ്. കെ. പൊറ്റെക്കാട്ടി-
നെ വായിച്ചാൽ തിരിച്ചറിയാം. എന്നാൽ ഈ
പുതിയ കാലത്ത് ഏറ്റവും വലിയ വാർത്താ-
വിനിമയം സാമൂഹ്യമാധ്യമങ്ങളിലാകുമ്പോൾ,
മലയാളം ആംഗലേയത്തിലെഴുതി, എളുപ്പ
ത്തിൽ ക്രിയ ചെയ്യുകയാണ് ചിലർ.
മലയാള അക്ഷരത്തെയും, ഭാഷയോട്,
പ്രത്യേകിച്ച് ലിപിയോട് കൂടുന്ന അകലവും.
എന്റെ കാഴ്ചപ്പാടിൽ മലയാളത്തിന്റെ വികാസ
ത്തിൽ ഒന്നാമത്തെ വിലങ്ങുതടി മംഗ്ലീഷാണ്.

## ഭാഷയ്ക്കുമുണ്ട് സ്വത്വം

മറ്റുള്ള ഭാഷകൾ വേണ്ടെന്നല്ല ~~ഈ~~ നാം
മനസ്സിലാക്കേണ്ടത്. പകരം പെറ്റമ്മയെ
പുറത്തിരുത്തിയിട്ടല്ല പോറ്റമ്മയ്ക്ക് വിരുന്നൊ-
രുക്കേണ്ടത്. ഓരോ ഭാഷയ്ക്കും ~~അതിന്റെ~~ ഒരു

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

സ്വത്വമുണ്ട്. അതുൾക്കൊണ്ട് ഭാഷയെ
ഉപയോഗിക്കാൻ, വികസിപ്പിക്കാൻ, നാം
തയ്യാറാകണം. ലോകം മാറുമ്പോൾ
ഭാഷയും വളരണം. അതിന് പരിശ്രമിച്ചവർ
തന്നെയാണ് ഭാഷയെ കാച്ചിക്കുറുക്കി മാധുര്യ
മേറിയത്. ആശാന്റെയും, ഉള്ളൂരിന്റെയും,
വള്ളത്തോളിന്റെയും കവിതകൾ, ടി. പത്മനാഭ-
ന്റെ, കാരൂർ നീലകണ്ഠപിള്ളയുടെ കഥകൾ, ~~എ~~
എം.ടി. വാസുദേവൻ നായരുടെ,
ഒ.വി വിജയന്റെ നോവലുകൾ ... നീളുന്നു
മാതൃഭാഷയുടെ സാഹിത്യ ധനത്തിന് പുതു-
മാനങ്ങൾ നല്കിയ സൃഷ്ടികൾ.

ഭാഷയുടെ മാധുര്യവും, ലോകത്തിന്റെ
ചടുലതയും പുതിയ കാലത്ത് യുവാക്കളിലെത്തിക്കാനാവും. ബി.കെ -
ഹരിനാരായണന്റെയും വിനായക് ശശിധരന്റെയും
ചലച്ചിത്ര ഗാനങ്ങൾ ഉറക്കെ പറയുന്നു.

"വിയർപ്പു തുന്നിയിട്ട കുപ്പായം,
അതിൻ നിറങ്ങൾ മങ്ങുകില്ല കട്ടായം"

പുതിയ കാലത്ത് മാതൃഭാഷയുടെ , മലയാളത്തിന്റെ നവീകരണത്തിനായി നാം ആത്മാർത്ഥമായി പ്രയത്നിക്കണം. അത് ഒരിക്കലും വെറുതെയാകില്ല. തെളിവുകൾ നമുക്ക് ചുറ്റും ധാരാളമുണ്ട്.

## വളരുന്ന ശാസ്ത്രം , വളരട്ടെ ഭാഷ.

ഇത്തിരിപ്പോന്ന ഇട്ടാവട്ടത്തുള്ള കൊച്ചുരാജ്യം തന്റെ മാതൃഭാഷയെ ലോകഭാഷയാക്കിയത് ഭാഷയോടുള്ള ഭാഷ അചഞ്ചലമായ ആദരത്തിലൂടെയാണ്. ജപ്പാനും , ചൈനയും സാങ്കേതിക മേഖലയിൽ നേട്ടങ്ങളത്രയും കൈവരിച്ചത് അവരുടെ മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം ഒന്നുകൊണ്ടുതന്നെയാണ്.

"അമ്മ താൻ തന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്ക് അമൃതും അമൃതായി തോന്നൂ"

എന്ന് കവി പാടിയതു പോലെ , മാതൃഭാഷയിലൂടെയുള്ള വിദ്യാഭ്യാസം വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്ര

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 302

സാങ്കേതിക വിഷയങ്ങൾ പ്രത്യേകിച്ച്
മാതൃഭാഷയിൽ മനസ്സിലാക്കുമ്പോൾ അത്
അവന്റെ ഹൃദയത്തിൽ തന്നെ പതിയുന്നു.
അറിവിന്റെ പ്രായോഗിക ~~ശരിയായ~~ ഉപയോഗം ഉറപ്പു-
വരുത്തുന്നു. മാത്രമല്ല ലോകത്തെ ഏറ്റവും
പുതിയ കാര്യങ്ങൾ മലയാളത്തിൽ സംവദിക്ക
പ്പെടുക്കുമ്പോൾ നേരത്തെ പറഞ്ഞ
നിരന്തര നവീകരണം, മലയാളത്തിന്
സംഭവിക്കും. വികസിക്കുന്ന പദസമ്പത്ത്
ഭാഷയ്ക്ക് അലങ്കാരം കൈവരും.

മാതൃഭാഷ മൂല്യബോധത്തിന്

ലഹരിയുടെ, കാളകൂടസ്ത്രങ്ങൾ യുവാക്കളെ
തെരുക്കുമ്പോൾ ഭാഷയിലൂടെ എഴുത്തച്ഛന്,
അക്കാലത്തെ മറ്റ് സാഹിത്യകാരന്മാർക്ക് കഴിഞ്ഞ
നവോത്ഥാനം ഇന്നും സാധ്യമാണ് എന്നോർക്കുക.

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം"

എന്ന മൂല്യ ബോധം കുട്ടികളിൽ
വളർത്തിയെടുക്കാനാവണം. അതിന് മൊബൈ-

പകരം കുഞ്ഞിന്റെ കൈക്കുള്ളിലേക്കെത്തണം
പുസ്തകശേഖരം. അതിനും മുൻപേ താരാട്ടായും
കഥയായും ചിന്തിലേ കാതിലേക്കെത്തണം.
അവിടെ മാതൃഭാഷയുടെയും മൂല്യബോധത്തിന്റെ-
യും വികാസം സാധ്യമാകുന്നു.

വരിക വരിക സഹജരെ . . .

ഇതു വരെ സൂചിപ്പിച്ചതു പോലെ
മാതൃഭാഷയുടെ വികാസം, ഒരു നാടിനെ
മൂല്യബോധവും, ശാസ്ത്ര സാങ്കേതിക വികാസവും
സമ്മാനിച്ച് കൂടുതൽ ശോഭനമാക്കുന്നു.

സ്വാതന്ത്ര്യ സമര കാലത്ത് എന്നതു പോലെ
ഭാഷ, സാഹിത്യം സമൂഹത്തിന്റെ കെട്ടുറപ്പും
ദേശസ്നേഹവും വളർത്തുന്നു.
ഭാഷയുടെ വികാസം പൈതൃകത്തിന്റെ
നിലനിൽപ്പിനെ സ്വാധീനിക്കുന്നുണ്ട്. അവിടെ
ഓരോ മലയാളിയും മനസ്സിലാക്കണം,
ഏതു കാര്യത്തെയും അത് അർഹിക്കുന്ന
പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ എന്റെ

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

Item Code: 643 Participant Code: 302

ഭാഷയ്ക്കു കഴിയും. എന്റെ അമ്മ അതിനുള്ള അഭയവും ചക്രവും എന്റെ അമ്മ, എന്റെ ഭാഷ മറ്റുള്ളതിനേക്കാൾ ഒട്ടുംപിന്നിലല്ല. ഒരുപടി മുന്നിലാണ്.

അതെ കുഞ്ഞുണ്ണി മാഷ് പറഞ്ഞതു "പോരെ അമ്മ എന്ന ഒറ്റ അക്ഷരമാണ് എന്റെ മലയാളം".

അമ്മയെ അറിഞ്ഞൂട്ടി വളർത്തുവാൻ നമുക്ക് അണിചേരാം.

അമ്മ മലയാളം, നന്മ മലയാളം, ശ്രേഷ്ഠമലയാളം, വിജയിക്കട്ടെ.